# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-2026

SHUPS KARIMPANAKULAM

# സ്കൂൾ വിവരങ്ങൾ

റവന്യൂ ജില്ല : കോട്ടയം

സ്കൂൾ കോഡ് : 32446

സ്കൂളിന്റെ പേര് : SHUPS കരിമ്പനക്കുളം

മേൽവിലാസം : ചോറ്റിൻ്റെ P.O
മണിമല

ഇമെയിൽ : shupskarimpanakkulam@gmail.com

ഗ്രാമപഞ്ചായത്ത് : മണിമല

വിദ്യാഭ്യാസ ജില്ല : കാഞ്ഞിരപ്പള്ളി

സബ്ജില്ല : കറുകച്ചാൽ

ക്ലാസുകൾ : 1 മുതൽ 7 വരെ

സ്കൂൾ ടൈപ്പ് : എയ്ഡഡ്

മാനേജ്മെന്റ് : ചങ്ങനാശേരി
അതിരൂപതാ
കോർപ്പറേറ്റ്.

ആമുഖം

കരിമ്പനകളുടെ ഗ്രാമത്തിൽ 1938 മുതൽ മികച്ച രീതിയിൽ അധ്യയനം നടത്തിവരുന്ന സ്കൂളാണ് SHUPS. നാളിതുവരെ സമൂഹത്തിലെ അക്കാദമിക രംഗത്തും സാമൂഹ്യരംഗത്തും സാംസ്കാരിക രംഗത്തും പ്രവർത്തിക്കുന്ന നിരവധി വ്യക്തിത്വങ്ങളെ സൃഷ്ടിക്കുവാൻ SH സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. 2025-26 അധ്യയന വർഷത്തിൽ 125ൽ പരം കുട്ടികൾ 1 മുതൽ 7 വരെ ക്ലാസുകളിലായി അധ്യയനം നടത്തി വരുന്നു. ഭാഷ, ശാസ്ത്രം, പ്രവൃത്തിപരിചയം, കല എന്നിവയ്ക്കു പുറമെ കല യോഗ, കരാട്ടെ, ഡാൻസ് എന്നിവയിലും SH സ്കൂളിൽ പരിശീലനം നൽകിവരുന്നു.

ശാസ്ത്രമേളകളിലും കലോത്സവത്തിലും മികച്ച വിജയമാണ് മുൻവർഷങ്ങളിൽ ലഭ്യമായിട്ടുള്ള നേട്ടത്തോടൊപ്പം സ്കൂളിന്റെ സമഗ്രവളർച്ചക്കാവശ്യമുള്ള പദ്ധതികൾ SRG, മാനേജ്മെന്റ്, PTA എന്നിവയിൽ ചർച്ച ചെയ്ത് അധ്യാപകരുടെയും ഏവരുടെയും സഹകരണത്തോടെ നടപ്പിലാക്കാൻ ശ്രമിക്കുകയും

ചെയ്യുന്നു. മാനേജ്മെന്റും PTAയും
തികച്ചും സ്വതന്ത്രമായ സംവിധാനവും മികച്ച
ചിന്തനയാണ് സ്കൂളിന് നൽകുന്നത്.

# ചരിത്രം

കരിമ്പനക്കളം പ്രദേശ വാസികൾക്ക് പ്രാഥമിക വിദ്യാഭ്യാസത്തിനായി കുളങ്ങര വീട്ടിൽ ഇട്ടിയവിര ചാക്കോ 1938 ൽ ഒരു പ്രൈമറി സ്കൂൾ സ്ഥാപിക്കുകയും അദ്ദേഹത്തിന്റെ മാനേജ്മെന്റിൽ പ്രവർത്തിച്ചു വരികയും ചെയ്തു. 1950ൽ സ്കൂൾ മാനേജ്മെന്റ് കരിമ്പനക്കളം പള്ളിക്ക് വിട്ടുകൊടുക്കുകയും അന്നത്തെ വികാരി കോച്ചേരിൽ സിറിയക് അച്ചൻ മാനേജർ ആവുകയും ചെയ്തു. തുടർന്നുവന്ന ഫാ ജോസഫ് വെളിയാരത്ത് അച്ചന്റെ കാലത്ത് മിഡിൽ സ്കൂൾ ആയി ഉയർത്തുകയും നാട്ടുകാരുടെ സഹായത്തോടെ കെട്ടിടവും ഉപകരണങ്ങളും സജ്ജമാക്കുകയും ചെയ്തു. 2007 ൽ സ്കൂൾ ചങ്ങനാശ്ശേരി കോർപ്പറേറ്റ് മാനേജ്മെന്റിനെ കൈമാറുകയും ഇന്നുവരെ സർക്കാർ എയ്ഡഡ് മേഖലയിൽ പ്രവർത്തിച്ചു വരികയും ചെയ്യുന്നു.

## വികസന ലക്ഷ്യങ്ങൾ

-> ഭാഷാശേഷി വികസനം
-> ഇംഗ്ലീഷ് - അനായാസകരമാക്കൽ
-> പഠനയാത്രകൾ
-> കലാപ്രവൃത്തിപരിചയ പരിശീലനം
-> ലൈബ്രറി ശാക്തീകരണം
-> പത്രത്തിനൊപ്പം
-> IT പഠനം കാര്യക്ഷമമാക്കൽ
-> ക്ലാസ് PTA കാര്യക്ഷമമാക്കൽ
-> വിലയിരുത്തൽ കാര്യക്ഷമമാക്കൽ
-> കായികശേഷി വികസനം
-> വായനാശേഷി വർദ്ധിപ്പിക്കൽ

# ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസനം. | ഇംഗ്ലീഷിൽ തന്നെ ക്ലാസ് കൈകാര്യം ചെയ്യൽ. | എല്ലാ ക്ലാസ്സും | English teacher | |
| | ഇംഗ്ലീഷ് ക്ലബ് പ്രവർത്തനം കാര്യക്ഷമമാക്കൽ | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ English club Secretary | |
| | ഇംഗ്ലീഷ് അസംബ്ലി | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |
| | ഇംഗ്ലീഷിൽ ഡയറി എഴുത്ത് | ദിവസവും | ക്ലാസ് ടീച്ചർ | |
| കുട്ടികളുടെ രചനകൾ സമൂഹത്തിലേക്ക് | കുട്ടികളുടെ രചനകൾ സ്കൂൾ വിക്കിയിൽ ചേർക്കൽ | പ്രതിവാരം | English club Secretary | |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കാൻ | ഗണിതലാബ് സജ്ജീകരിച്ച് ഗണിതാശയങ്ങൾ അവതരിപ്പിക്കുക. | അവധിക്കാലത്ത് | PTA Maths ടീച്ചർ | |
| | ജ്യാമിതീയ രൂപങ്ങൾ ഉൾപ്പെടുത്തി ഗണിത ചാർട്ട്. | ഡിസംബർ ജനുവരി | PTA Maths ടീച്ചർ | |
| ഗണിതത്തിന്റെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കാൻ | വർക്ക് ഷീറ്റുകൾ ഉപയോഗിച്ചും ക്ലാസ്സിൽ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി ഗണിതാശയങ്ങൾ ഉറപ്പിക്കാൻ | ജൂൺ ജൂലൈ | Maths ടീച്ചർ | |
| ഗണിത ക്ലിനിക്ക് | ഗണിതാഭിരുചിയുള്ള അധ്യാപകരെയും കുട്ടികളെയും ഉൾപ്പെടുത്തി ഗണിത ക്ലിനിക്ക് | 1 വർഷം | Maths club | |

## അക്കാദമികം

### പരിമിതികൾ

ശാസ്ത്രമേളകളിലെ വിദ്യാഭ്യാസം ഉപജില്ലാതലത്തിൽ ഏറ്റവും കൂടുതൽ കുട്ടികൾ മികച്ച വിജയം നേടുന്നുവെങ്കിലും എല്ലാ ക്ലാസ് റൂമുകളും ഹൈടെക് നിലവാരത്തിലേക്ക് ഉയർന്നില്ല എന്നത് പരിമിതിയാണ്. ഐ.ടി പഠനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് കൂടുതൽ ലാപ്ടോപ്പുകൾ ആവശ്യമാണ്. ഇതിനായി ഫണ്ട് ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു വരുന്നു.

## സാമൂഹികം

### നേട്ടങ്ങൾ

സ്കൂളിലെ വൈവിധ്യമാർന്ന സന്നദ്ധ സംഘടനകളുടെ പ്രവർത്തനം സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കുന്നു. അതുപോലെ സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നു. സാമൂഹ്യ ശുചിത്വം, അനാഥരെ പരിഗണിച്ച് അവർക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നല്കുക, തുടങ്ങിയ പ്രവർത്തനങ്ങൾ മാതൃകാപരമായി നടത്തുന്നു.

## അക്കാദമികം

### നേട്ടങ്ങൾ

L.SS, USS പരീക്ഷകൾക്ക് നല്ല പരിശീലനം നൽകി മികച്ച വിജയം കൈവരിക്കുവാൻ സാധിച്ചു. യു.പി. യിലെ എല്ലാ ക്ലാസ്സുകളും Smart classroom ആയതിനാൽ ICT സാധ്യത പരമാവധി ഉപയോഗിച്ച് ക്ലാസ്റൂം പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുന്നു. കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ആവശ്യമായ പ്രത്യേക പരിശീലനം നൽകി കുട്ടികളെ കൂടുതൽ ആത്മവിശ്വാസത്തിലെത്തിക്കുവാൻ സാധിക്കുന്നു. കറുകച്ചാൽ സബ്ജില്ലയിലെ യു.പി.സ്കൂളുകളിൽ ആദ്യമായി സയൻസ്ലാബ് നിർമ്മിക്കുവാൻ നമുക്ക് സാധിച്ചു. കുട്ടികളിൽ ശാസ്ത്ര അഭിരുചി കൂടുതൽ വളർത്തിയെടുക്കുവാൻ സാധിച്ചിട്ടുണ്ട്. മികച്ച ലൈബ്രറിയുടെ സഹായത്താൽ G.K ലെവൽ കുട്ടികളിൽ വളരുകയും, വായനയോട് താല്പര്യം വർദ്ധിക്കുകയും ചെയ്യുന്നു.

സാമൂഹികം

പരിമിതികൾ

പഠനസമയം കൂടുതൽ നഷ്ടപ്പെടു
ന്നതിനുള്ള സാഹചര്യം ഉണ്ടാകുന്നു.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

- കലാവിദ്യാഭ്യാസം
- പ്രവൃത്തി പരിചയം
- കായിക പരിശീലനം

## കലാവിദ്യാഭ്യാസം

പഠനത്തോടൊപ്പം കുട്ടികളിൽ കലാഭിരുചിയും സഹൃദയത്വവും വളർത്താനും ഇത്തരം സന്ദർഭങ്ങൾ കൂടി ലഭ്യമാക്കി കൊണ്ട് സർഗാത്മകമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യാൻ അവരെ പ്രാപ്തരാക്കാൻ കലാവിദ്യാഭ്യാസത്തിലൂടെ കഴിയും. സംഗീതം, ചിത്രകല, നൃത്തം തുടങ്ങിയ സാധ്യതകളിലേക്ക് കുട്ടികളെ നയിക്കാൻ ഇതിലൂടെ കഴിയും.

### ലക്ഷ്യങ്ങൾ

കുട്ടികളിൽ സഹൃദയത്വവും സൗന്ദര്യബോധവും കലാസ്വാദന ഔത്സുക്യവും വളർത്തുന്ന പരിപാടികളിലൂടെ അവരെ ഉത്തമ പൗരൻമാരാക്കി മാറ്റുക.

### പ്രവർത്തനങ്ങൾ

സ്കൂൾ ഗായകസംഘം രൂപീകരിക്കൽ

പാടാൻ കഴിവുള്ള കുട്ടികളുടെ കൂട്ടം

* പ്രാർത്ഥന, ദേശീയഗാനം തുടങ്ങിയവ ചൊല്ലൽ
* വിശേഷ ദിവസങ്ങളിൽ പാട്ടുകൾ അവതരിപ്പിക്കൽ

1. പാഠപുസ്തകത്തിലെ കവിതകൾ ഈണം നൽകി അവതരിപ്പിക്കൽ

2. ചിത്രം ചിത്രം

പരിസ്ഥിതിദിനം, ഓണം, ക്രിസ്മസ് കർഷകദിനം പ്രധാന ദിനങ്ങളിൽ ചിത്രം വരയ്ക്കാൻ എല്ലാവർക്കും അവസരം പതിപ്പ് തയ്യാറാക്കൽ

3. നൃത്തപാഠം

വാർഷികാഘോഷവേളയിൽ അവതരിപ്പിക്കാനുള്ള നൃത്തങ്ങൾ സ്വന്തമായി ചിട്ടപ്പെടുത്തൽ, പാട്ട്, വേഷവിധാനം ചമയം എന്നിവ സ്വന്തമായി തന്നെ നിർവ്വഹിക്കൽ

ചുമതല: അധ്യാപകർ, പി.ടി.എ കുട്ടികൾ, SRG

സമയപരിധി: ജൂൺ - മാർച്ച്

## പ്രവൃത്തി പരിചയം

നിത്യജീവിതത്തിൽ കുട്ടിക്കും സമൂഹത്തിനും ആവശ്യമായ അടിസ്ഥാന ജീവിത ഘടകങ്ങളുമായി ബന്ധപ്പെടുന്നതും കുട്ടിയുടെ സമഗ്ര വികസനത്തിന് ഉതകുന്നതുമായ പ്രവർത്തനങ്ങളാണ് പ്രവൃത്തി പരിചയ പഠനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പഠനമേഖലകൾ

### ലക്ഷ്യങ്ങൾ

പ്രവൃത്തി പഠനത്തിലൂടെ മാനവശേഷി വികാസം, അസംസ്കൃത വസ്തുക്കൾ ഉപകരണങ്ങൾ തുടങ്ങിയവ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവുകൾ നേടുന്നതിലൂടെ മെച്ചപ്പെട്ട ഒരു തൊഴിൽ സംസ്കാരവും അതുവഴി മാനസികോല്ലാസവും കുട്ടികളിൽ വളർത്തിയെടുക്കുക

### പ്രവർത്തനങ്ങൾ

ദിനാചരണങ്ങൾ, ആഘോഷങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

* ആശംസാ കാർഡ്
* നക്ഷത്രങ്ങൾ
* പൂക്കൾ, മാലകൾ, ആഭരണങ്ങൾ

## കായിക പരിശീലനം

കുട്ടികളുടെ ആരോഗ്യപരമായ സുസ്ഥിതിക്ക് കായിക പരിശീലനങ്ങൾ അനിവാര്യമാണ്. കളിയെന്നത് ഏറ്റവും നല്ല വ്യായാമമാണ്. ശാസ്ത്രീയമായ കായിക പരിശീലനം കുട്ടികൾക്ക് ആ മേഖലയിൽ മുന്നേറാനുള്ള അവസരം ഒരുക്കും. കായികാധ്യാപകരുടെ സേവനം ലഭിക്കാതെ ഇത്തരം പ്രവർത്തനങ്ങൾ ശാസ്ത്രീയമായി നടത്തുക അസാധ്യമാണ്

### ലക്ഷ്യങ്ങൾ

കുട്ടികളുടെ ശാരീരികവും മാനസികവുമായ സുസ്ഥിതി വളർത്തുന്നതിനും മാനസികോല്ലാസത്തിനും കായികമായ പരിശീലന സന്ദർഭങ്ങൾ സൃഷ്ടിക്കുക.

### പ്രവർത്തനങ്ങൾ

* ആഴ്ചയിലൊരിക്കൽ കരാട്ടെ പരിശീലനം

മാസ് ഡ്രിൽ

എല്ലാ വ്യാഴാഴ്ചയും 45 മിനിറ്റ് കുട്ടികളെ അസംബ്ലി ചെയ്ത് ലഘുവായ ഡ്രില്ലുകൾ ചെയ്യിപ്പിക്കുക.

മേഖല യു പി ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1) 5, 6, 7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ<br>• ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക.<br>• ഹിന്ദി വാക്കുകൾ പരിചയപ്പെടുത്തുക | • പുതിയ പാഠങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് കാണിക്കൽ തുടങ്ങിവ<br>• ലളിതമായ ഹിന്ദി പാട്ടുകൾ കേൾക്കുകയും ഒപ്പം പാടുകയും ചെയ്യുക. അതിലെ വാക്കുകൾ മനസ്സിലാക്കുകയും ചെയ്യുക.<br>• ഹിന്ദിയിലെ അക്കങ്ങൾ ഉപയോഗിച്ച് കളികൾ കളിപ്പിക്കുക. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ |
| 2) ഹിന്ദി വായന:<br>• തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യുക | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിച്ചു മറ്റു ഹിന്ദി ചിത്രകഥകൾ തുടങ്ങിയവ ഹിന്ദി വീഡിയോസ് തുടങ്ങിയ കാണിക്കുക | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ |

| | | | |
|---|---|---|---|
| ③ ഹിന്ദി സംസാരം: · ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുന്നതും | ഹിന്ദി മാത്രം വിനിമയവും ക്ലാസുകളിൽ ഉപയോഗിക്കും. ചെറിയ ഗ്രൂപ്പ് ചർച്ചകൾ ഹിന്ദിയിൽ നടത്തുക. ചിത്രങ്ങൾ നോക്കി വിവരണം നൽകുക. ലളിതമായ ഒരു വിഷയം ഹിന്ദിയിൽ അവതരിപ്പിക്കുക | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകൻ |

സംസ്കൃതം

അക്കാദമിക് മാസ്റ്റർപ്ലാൻ

ക്ലാസ് 5, 6, 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | • അക്ഷരം എഴുതുന്നത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷരകാർഡ്<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക. | ജൂൺ, ഓഗസ്റ്റ് | പാഠപുസ്തകം ചാർട്ട് | സംസ്കൃത അധ്യാപിക |
| 2. വായനാശീലം | • ചിത്രങ്ങളുടെ പേര് പറയൽ<br>• ലഘു സംസ്കൃതവാക്യങ്ങൾ ഉപയോഗിക്കൽ | സെപ്റ്റംബർ<br>ഡിസംബർ | സംസ്കൃതം ക്ലാസ്റൂം | |
| 3. മത്സരപരീക്ഷകൾക്ക് തയ്യാറാക്കൽ. | • മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കൽ<br>• അനുകാലികങ്ങൾ വായിക്കാൻ നൽകുന്നു. | ഡിസംബർ ജനുവരി | | |

മലയാളം
അക്കാദമിക് മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | • കുട്ടികൾ അവരുടെ അവധിക്കാല അനുഭവങ്ങൾ പങ്കുവയ്ക്കുന്നു.<br>• അക്ഷരങ്ങളും, ചിഹ്നങ്ങളും ഉപയോഗിച്ച് കാർഡ് നിർമ്മാണം<br>• പത്രം, മാസികകൾ എന്നിവ വായിക്കുകയും, ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | ജൂൺ, ഓഗസ്റ്റ്<br>നവംബർ | മലയാളം അധ്യാപിക | |
| 2. കുട്ടികളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | • കുട്ടികളുടെ സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് മാഗസിൻ തയ്യാറാക്കുക. | | | |
| 3. അർത്ഥപൂർണമായ വായന ഉറപ്പാക്കുക | • പാഠഭാഗങ്ങൾ ക്ലാസിൽ ഉറക്കെ വായിക്കൽ, ലൈബ്രറി പുസ്തകങ്ങൾ വായിക്കൽ, വായനാമത്സരം നടത്തൽ. | നവംബർ<br>ഫെബ്രുവരി | | |

# ഉപസംഹാരം

SHUPS ന്റെ സമഗ്രവളർച്ചയും ഗുണമേന്മാ വിദ്യാഭ്യാസവും മുൻനിർത്തി ദിശാബോധത്തോടെ തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാൻ ആണ് ഇത്. മാനേജ്മെന്റിന്റെയും PTA യുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തിയാക്കാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു.